**പതിനാറാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2026 ഒക്ടോബർ 14, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

9 (*61) ഫിഷറീസ് സബ് പ്ലാൻ

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പിന്നോക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരു ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കുകയും 2026-27-ൽ 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്നും അതിൽ 3 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി തുക ചെലവഴിക്കുന്നതിനും അവശേഷിക്കുന്ന തുക വിവിധ പദ്ധതികൾക്കായി വകയിരുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പുനർഗേഹം പദ്ധതിയിലുൾപ്പെട്ട വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നിലവിലെ പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെടുത്തി ഒരു ഭവന പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. സുനാമി ഫ്ലാറ്റുകളുടെയും പഴക്കംചെന്ന ഫിഷർമെൻ നഗറുകളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ തീരദേശ വികസന കോർപ്പറേഷന് നിർദേശം നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും പീലിങ് തൊഴിലാളികളുടെ ക്ഷേമത്തിനും ബ്ലൂ ഇക്കോണമി സെൽ പദ്ധതികൾക്കും സബ് പ്ലാനിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും കേജ് ഫാമിങ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും സമ്പാദ്യ സമാശ്വാസതുക

വർധിപ്പിക്കുന്നതും ചമ്പക്കര മത്സ്യ മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*62) ജലാശയങ്ങളുടെ ആഴം കൂട്ടാൻ നടപടി

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, ജലാശയങ്ങളുടെ സംഭരണശേഷിയും നീരൊഴുക്കുശേഷിയും നിലനിർത്താനായി ആവശ്യമായ സ്ഥലങ്ങളിൽ പരിശോധനയും സാങ്കേതിക വിലയിരുത്തലും നടത്തി മണ്ണും മണലും നീക്കംചെയ്ത് ആഴം കൂട്ടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മഴക്കാല മുന്നൊരുക്ക ഫണ്ടിന്റെ ലഭ്യത, ആവശ്യകത എന്നിവയനുസരിച്ച് നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തി വർഷാവർഷം നടപ്പാക്കി വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കല്ലായി ഒഴികെയുള്ള 43 നദികളിലെ എക്കലും ചെളിയും പാഴ്വസ്തുക്കളും മറ്റും നീക്കംചെയ്യുകയും ജലാശയങ്ങളിലും തോടുകളിലും Pre-Monsoon Cleaning, Desilting, Dredging തുടങ്ങിയ പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രളയം, ഉരുൾപൊട്ടൽ തുടർന്നുണ്ടായ മണ്ണിടിച്ചിൽ, മണ്ണൊലിപ്പ് എന്നിവമൂലം ഡാമുകളിൽ ജലസംഭരണശേഷി ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമികമായി പാലക്കാട് ജില്ലയിലെ മംഗലം, മീങ്കര, വാളയാർ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തിവരുന്നുണ്ടെന്നും ചുള്ളിയാർ ഡാമിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വെള്ളപ്പൊക്കക്കെടുതികളുടെ പശ്ചാത്തലത്തിൽ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മണൽ വാരുന്നതിന് റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മണൽ വാരലുമായി ബന്ധപ്പെട്ട് പരിസ്ഥിതി, വ്യവസായ വകുപ്പുകളുടെ അംഗീകാരം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണെന്നും നടപടിക്രമങ്ങൾ പൂർത്തീകരിച്ച നദികളിൽ 2026 ഡിസംബർ അവസാന വാരത്തിലോ 2027 ജനുവരി ആദ്യവാരത്തിലോ മണൽ വാരൽ ആരംഭിക്കുന്നതാണെന്നും അംഗീകൃത കടവുകളിൽനിന്നും മണൽ വാരുന്നത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പുമന്ത്രിയും വേമ്പനാട് കായലിന്റെ നവീകരണത്തിനായി ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കുന്നതാണെന്ന് മുഖ്യമന്ത്രിയും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് അറിയിച്ചു.

11 (*63) ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികൾ

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി അതിജീവനം, പ്രത്യാശ, കെയർ ഹോം, വിദ്യാകിരണം, പരിരക്ഷ, പരിണയം, മാതൃജ്യോതി, സ്വാശ്രയ, സഹചാരി തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സാമൂഹ്യനീതി വകുപ്പ് നേരിട്ടും എൻ.ജി.ഒ-കളുടെ സഹകരണത്തോടെയും നടത്തുന്ന പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും ഭിന്നശേഷി അവകാശ സംരക്ഷണ നിയമം, 2016-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തിവരുന്ന വിവിധ ക്ഷേമപദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജനകരമാകുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും നടപടി സ്വീകരിക്കാനുള്ള നിയമാനുസൃത വിഷയങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഭിന്നശേഷിക്കാർക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് മുൻ സർക്കാരിന്റെ കാലയളവിൽ തുക അനുവദിച്ചിരുന്നെങ്കിലും സീലിങ് ലിമിറ്റ് എൻഹാൻസ് ചെയ്യാത്തതിനാൽ ഫണ്ട് അനുവദിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കൾക്ക് അത്യാവശ്യഘട്ടങ്ങളിൽ കുട്ടികളെ സംരക്ഷിക്കാനായി അൻപ് വീട് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ജില്ലാതല മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.